# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 6682 12.07.2012- ൽ മറുപടിക്ക്

**കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷകൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.ചെന്താമരാക്ഷൻ : | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| എ) കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷകൾ എ.ആർ., ജെ.ആർ ഓഫീസുകളിൽ കെട്ടിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം ജില്ലകളിലായി എത്ര വീതം അപേക്ഷകളിൽ തീർപ്പാക്കാനുണ്ട്; | എ) കെട്ടിക്കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ജില്ലാ ആഫീസുകളിലും സഹകരണ സംഘം രജിസ്ട്രാർ ആഫീസിലും നിലവിൽ തീർപ്പാക്കാനുള്ള ജില്ല തിരിച്ചുള്ള അപേക്ഷകളുടെ വിവരം ചുവടെ ചേർക്കുന്നു. |

| | | |
|---|---|---|
| തിരുവനന്തപുരം | - | 96 |
| കൊല്ലം | - | 14 |
| ആലപ്പുഴ | - | 7 |
| പത്തനംതിട്ട | - | 3 |
| കോട്ടയം | - | 10 |
| എറണാകുളം | - | 15 |
| ഇടുക്കി | - | 13 |
| തൃശ്ശൂർ | - | 7 |
| വയനാട് | - | 2 |
| കാസർഗോഡ് | - | 3 |
| സഹകരണസംഘം രജിസ്ട്രാർ ആഫീസ് | - | 13 |

| | | | |
|---|---|---|---|
| ബി) | നിയമാനുസൃത നടപടിക്രമങ്ങൾ പൂർത്തീകരിച്ച ഭരണകക്ഷിയുടെ ശുപാർശയുള്ളവർക്ക് മാത്രം പുതിയ സൊസൈറ്റികൾ രജിസ്റ്റർ ചെയ്തു നൽകിയാൽ മതിയെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ ; | ബി) | ഇല്ല. |
| സി) | എങ്കിൽ ഇത്തരം ശുപാർശകൾ വേണമെന്ന് നിർബന്ധിക്കുകയും നൽകിയ അപേക്ഷയിൻമേൽ മാസങ്ങളായി നടപടിയെടുക്കാതിരിക്കുകയും ചെയ്യുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ ; | സി) | ബാധകമല്ല. |
| ഡി) | കൂടുതൽ പേരെ സഹകരണ പ്രസ്ഥാനത്തിനുകീഴിൽ കൊണ്ടുവരുകയെന്ന ഉദ്ദേശ്യം സാക്ഷാത്കരിക്കാൻ എന്തെങ്കിലും നടപടികൾ എടുത്തിട്ടുണ്ടോ; എങ്കിൽ വിവരിക്കുമോ ? | ഡി | ഉണ്ട്. 'എന്റെ സംഘം' എന്ന സഹകരണ ക്യാമ്പയിൻ വഴി സഹകരണ സംഘങ്ങളുടെ പ്രവർത്തനം ഊർജ്ജിതമാക്കുന്നതിനും, കൂടുതൽ പേരെ സഹകരണ പ്രസ്ഥാനത്തിനു കീഴിൽ കൊണ്ടു വരുകയെന്ന ഉദ്ദേശ്യം സാക്ഷാത്ക്കരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നു. |

**സെക്ഷൻ ഓഫീസർ**